# വചന വിചിന്തനം ജൂലൈ 5 ഞായർ, 2009

### ലൂക്കാ 12:57–13:9

വി.ലൂക്കായുടെ സുവിശേഷം 9:51 മുതൽ 19:46 വരെ അറിയപ്പെടുന്നത് ശിഷ്യത്വ ത്തിന്റെ സുവിശേഷം എന്നാണ്. യേശു ജറുസലേമിനെ ലക്ഷ്യമാക്കി യാത്രയാകുന്നു. യാത്രാ മദ്ധ്യേ തന്റെ ശിഷ്യന്മാരെ, തന്റെ ചുറ്റും കൂടിയ ജനതയെ ഒരുപാട് കാര്യങ്ങൾ അവൻ പഠിപ്പിച്ചു. ദൈവരാജ്യത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, സത്യത്തെക്കുറിച്ചും, ഒപ്പം ഒരു യഥാർത്ഥ ശിഷ്യൻ വച്ചുപുലർത്തേ മനോഭാവത്തെക്കുറിച്ചും.

അവന്റെ യാത്ര മുന്നോട്ട് നീങ്ങവേ ഒരു സങ്കടകരമായ വാർത്ത അവൻ അറിയു ന്നു. ജറുസലേമിൽ പ്രതിഷ്ഠാതിരുന്നാളിന് ബലിയർപ്പിച്ചിരുന്ന ഗലീലിയാക്കാരായ ഏതാനും തീവ്രവാദികളെ പീലാത്തോസിന്റെ സൈന്യം കൊന്നുകളഞ്ഞു. വ്യക്തിപരമായ നാശം വ്യക്തിപരമായ പാപത്തിന്റെ ഫലമാണെന്ന് യഹൂദജനം ആഴത്തിൽ വിശ്വസിച്ചിരുന്ന ഈ കാലഘട്ടത്തിൽ യാഗപീഠത്തിനരുകിൽ കൊല ചെയ്യപ്പെടുക ശാപമായി അവർ കരുതിയി രുന്നു. അവർ ദൈവത്തിനെതിരെ പ്രവർത്തിച്ച് ദൈവ അപ്രീതിക്ക് കാരണമായ പാപികളാ ണെന്ന് ജനം കരുതി. ജോബിന്റെ പുസ്തകത്തിൽ 8-ാം അദ്ധ്യായം 20-ാം വാക്യത്തിൽ നാം വായിക്കുന്നു: ''നിഷ്കളങ്കനെ ദൈവം ഉപേക്ഷിക്കുകയില്ല തിന്മ പ്രവർത്തിക്കുന്നവനെ കൈപിടിച്ചുനടത്തുകയുമില്ല''. ഈ വിശ്വാസത്തിൽ നിന്നുകൊാണ് ജന്മനാ അന്ധനായ വനെ കപ്പോൾ ശിഷ്യന്മാർ ചോദിക്കുന്നത്, ഇവൻ അന്ധനായത് ആരുടെ പാപം നിമി ത്തമാണ്?

എന്നാൽ യേശു ഈ ചിന്തകളെയെല്ലാം തന്റെ പ്രബോധനത്തിലൂടെ തകിടംമറിക്കു കയാണ്. യഥാർത്ഥമായ മാനസാന്തരം കൂടാതെ ആർക്കും രക്ഷനേടാൻ സാധിക്കുകയില്ല. ഇത് എല്ലാവരെയും ഒരുപോലെ ബാധിക്കുന്നു. ശീലോഹാ കുളത്തിനരികെ ജറുസലെം മതിലിനകത്ത് തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ശീലോഹാ ഗോപുരത്തിലുായ അപ കടത്തിൽ മരിച്ചവർ പാപികളായിരുന്നില്ല. മറിച്ച്, അത് അനേകരെ മാനസാന്തരത്തിലേയ്ക്ക് നയിച്ചു. ഈ പശ്ചാത്തലത്തിൽ നിന്നുകൊാണ് ഈശോ അത്തിമരത്തിന്റെ ഉപമ പറയു ന്നത്.

പാലസ്തീനായിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്തിരുന്നതും ഫലം നൽകിയിരു ന്നതുമായ വൃക്ഷമായിരുന്നു അത്തി. ബൈബിളിൽ ആദ്യമായി പേരെടുത്തുപറയുന്ന വൃക്ഷ മാണ് അത്തി. ഒരുവൻ തന്റെ മുന്തിരിത്തോട്ടത്തിൽ ഒരു അത്തിവൃക്ഷം നട്ടുപിടിപ്പിച്ചു എന്നാണ് യേശു പറയുക. മുന്തിരിത്തോട്ടത്തിന്റെ നടുവിലാണ് അവൻ നട്ടത്. അതുകൊ ുതന്നെ മുന്തിരിച്ചെടിക്ക് ലഭിക്കുന്ന എല്ലാ പരിചരണങ്ങളും അത്തിവൃക്ഷത്തിനും ലഭി ച്ചിരുന്നു. അതിൽ പഴമുാേ എന്ന് നോക്കുവാൻ യജമാനൻ വന്നു. ലേവ്യ 19:23 നാം വായിക്കുന്നു ''മൂന്നു വർഷത്തേക്ക് അത്തിമരത്തിൽനിന്നും ഫലം തേടിക്കൂടാ''. അതാ യത് ഈ അത്തിവൃക്ഷം കഴിഞ്ഞ മൂന്നു വർഷങ്ങളായി ഫലങ്ങളൊന്നും തന്നിട്ടില്ല എന്നർത്ഥം. ഫലശൂന്യതയിൽ ദേഷ്യം വന്ന യജമാനൻ അത് വെട്ടിക്കളയാൻ തീരുമാനിച്ച പ്പോൾ പരിചരണം നൽകിയ കൃഷിക്കാരൻ അത്തിവൃക്ഷത്തിനുവേി മാദ്ധ്യസ്ഥം തേടു ന്നു. സാധാരണ അത്തിമരത്തിന് ആരും വളം ഇടാറില്ല. എങ്കിലും അസാധാരണമായ ഒരു പരിരക്ഷ നൽകി ഈ ഫലശൂന്യ വൃക്ഷത്തെ സംരക്ഷിക്കാൻ കൃഷിക്കാരൻ തയ്യാറാകു ന്നു.

അമ്മ കുഞ്ഞിനെയെന്നതുപോലെ നാടും നിയമവും, ഉടമ്പടിയും പുത്രത്വവും നൽകി വളർത്തിയ ഇസ്രായേൽ ജനം ഫലങ്ങൾ പുറപ്പെടുവിച്ചില്ല. ദൈവം അവരെ ശിക്ഷിക്കാൻ തീരുമാനിക്കുന്നു. എങ്കിലും യേശുക്രിസ്തുവെന്ന ഏക രക്ഷകന്റെ മാദ്ധ്യസ്ഥ്യം വഴി എല്ലാവരും രക്ഷിതരായി.

പുതിയ ദൈവജനമായ സഭയും ദൈവത്തിന്റെ ആനുകൂല്യങ്ങൾക്ക് ഇന്നും എന്നും അർഹയാണ്. ആരും അവരുടെ യോഗ്യതകൾകൊല്ല അർഹത നേടുന്നത്. ദൈവം തന്റെ കാരുണ്യത്താൽ കനിഞ്ഞുനൽകിയതാണ് ദൈവപുത്രസ്ഥാനം, യേശുക്രിസ്തുവിൽ രക്ഷ, പരിശുദ്ധാത്മാവ്, ദൈവവചനം തുടങ്ങി നിരവധി അനുഗ്രഹങ്ങൾ. പിന്തിരിഞ്ഞുനോക്കുമ്പോൾ എല്ലാം ദൈവത്തിന്റെ ദാനം. ഞാൻ അയോഗ്യനാണെങ്കിൽപോലും എന്നെ അനുഗ്രഹിക്കുന്ന ദൈവം. എന്നെ സ്നേഹിച്ചു കാത്തുപരിപാലിക്കുന്ന ദൈവം. ഇതെല്ലാം നമ്മെ മാനസാന്തരത്തിലേക്ക് നയിക്കണം. സ്നാപകയോഹന്നാന്റെ ആഹ്വാനവും ഇതുതന്നെയാണ്. ‘‘മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു’’(മത്താ-3:2) ഒപ്പം ‘‘മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ’’(മത്താ-3:8).

കഴിഞ്ഞുപോയ ജീവിതത്തിലേയ്ക്ക് ഒന്നു പിന്തിരിഞ്ഞു നോക്കുമ്പോൾ, ദൈവമേ; എല്ലാം നിന്റെ ദാനമാണ്; പാപം ചെയ്ത് നിന്നെ വേദനിപ്പിച്ച് നിന്നിൽനിന്ന് അകലുംതോറും എന്നെ പിന്തുടർന്ന് അവിടുന്ന് അനുഗ്രഹിക്കുന്നു. എന്നെ ആപത്തുകളിൽ നിന്ന് കരകയറ്റി സംരക്ഷിക്കുന്നു. അത്തിവൃക്ഷം ഈ ഉൾക്കാഴ്ച നമ്മുക്കു നൽകട്ടെ. ദൈവമക്കളെന്ന സ്ഥാനം അടങ്ങിയിരിക്കുന്നത് ഫലങ്ങൾ പുറപ്പെടുവിക്കുന്നതിലാണ്. ഫലം പുറപ്പെടുവിക്കാത്തവർക്കുവേ പ്രാർത്ഥിക്കാനും ഉപമയിലെ കർഷകനെപ്പോലെ അവർക്കുവേ മാദ്ധ്യസ്ഥം തേടാനും ദൈവമക്കൾക്ക് കടമയു്. അതായത് ഫലം തരാത്ത വൃക്ഷത്തിന്റെ ചുവട്ടിലും കൃഷിക്കാരന്റെ വിയർപ്പ് വളമായി മാറണം; അല്ലാ മാറ്റണം. അതിന് യേശുവിന്റെ കാൽവരിയിലെ കുരിശ്, അതിലെ പീഢകൾ, നമ്മുക്ക് പ്രചോദനമാകട്ടെ.

**ഫാ. മാത്യു ഇരുമ്പുകുത്തിയിൽ**